**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2581 14.02.2013-ൽ മറുപടിക്ക്**

**<u>നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ അനുവദിച്ച സ്പെഷ്യലിസ്റ്റ് പോസ്റ്റുകളിൽ, എത്ര ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) നീലേശ്വരം താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക് ജൂനിയർ കൺസൾട്ടന്റായി പോസ്റ്റ് ചെയ്ത ഡോക്ടറും ഗൈനക്കോള ജിയിൽ ജൂനിയർ കൺസൾട്ടന്റായി പോസ്റ്റ് ചെയ്ത ഡോക്ടറും വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലാ ആശുപത്രി കാഞ്ഞങ്ങാടിൽ ജോലി ചെയ്തു വരുന്നു.<br>തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക്, ഗൈനക്കോളജി, ഓർത്തോപീഡിക്സ് എന്നീ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റായി 3 ഡോക്ടർ മാരാണുള്ളത്. അതിൽ ഓർത്തോ വിഭാഗത്തിൽപ്പെട്ട ഡോക്ടർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജനറൽ ഹോസ്പിറ്റൽ, പെരുന്തൽമണ്ണയിൽ ജോലി ചെയ്യുന്നു. |
| (ബി)ഇവിടങ്ങളിൽ ഗൈനക്കോള ജിസ്റ്റിനെ നിയമിക്കാത്തതിന്റെ കാരണ മെന്തെന്ന് വ്യക്തമാക്കുമോ? | ബി) തൃക്കരിപ്പൂർ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. നീലേശ്വരം താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് 01.01.2013 മുതൽ മൂന്ന് വർഷത്തെ അവധിക്ക് അപേക്ഷിച്ച ഒഴിവിലേക്ക് സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് ഒഴിവ് നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ